
# വർണ്ണം

LK 2023-2025



# S A B T M H S S THAYINERI

**PAYYANNUR - KANNUR**

# വർണ്ണം

## LITTLE KITES BATCH

2022-2025

# ആശംസകളോടെ

തായിനേരി എസ്.എ.ബി.ടി.എം.എച്.എസ്. സ്കൂൾ വിദ്യാർത്ഥികളുടെ വിവര സാങ്കേതിക വിദ്യാപോഷണത്തിനായി വർധിച്ചുവരുന്ന "ലിറ്റിൽ കൈറ്റ്സ്" എന്ന ക്ലബ് ഒരു സപ്ലിമെന്റ് പ്രകാശനം ചെയ്യുന്നതായി അറിഞ്ഞു. വർത്തമാന കാലഘട്ടത്തിൽ മനുഷ്യന് വായു, വെള്ളം, വെളിച്ചം എന്നവ പോലെ അത്യന്താപേക്ഷിതമാണ് വിവര സാങ്കേതിക വിദ്യ. ജീവിതത്തിന്റെ വിവിധ മേഖലകളും ഇന്ന് ഐടി ബന്ധിതമാണ്. അതുകൊണ്ടുതന്നെ അവയിൽ അവഗാഹം നേടുകയെന്നത് ഇന്നിന്റെ വിദ്യാഭ്യാസ മേഖലയുടെ വെല്ലുവിളിയാണ്. അവർക്ക് പ്രചോതനമാകും വിധം പ്രവർത്തിച്ചുവരുന്ന ഈ കൂട്ടായ്മയ്ക്ക് സർവവിധ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

അബ്ദുൾ മുത്തലിബ്
മാനേജർ
എസ്.എ.ബി.ടി.എം.എച്.എസ്.എസ്
തായിനേരി

പ്രിയ കൂട്ടുകാരെ,

നിത്യ ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ളതാണ് ഇൻറ്ഫോർമേഷൻ ടെക്നോളജി.നിങ്ങളുടെ പഠനപ്രവർത്തനത്തിന്റെ ഒരു ഉത്പന്നമായ ഈ-മാഗസിൻ ആഹ്ലാദത്തോടുകൂടി ശ്രേഷ്ഠ വിദ്യാലയത്തിന് സമർപ്പിക്കുന്നു. സ്നേഹത്തിന്റെ ഭാഷയിൽ എല്ലാ ആശംസകളും നേരുന്നു.

സ്നേഹപർവ്വം,
ഹെഡ്മാസ്റ്റർ
കെ ആർ വിനോദ്

## താളുകളിലൂടെ


മറന്നുപോയ സ്വപ്നം......5
പ്രണയവിലാപം......6
മറന്നുപോയ ഓർമ്മകൾ......7
മറവി......8
ജീവചരിത്ര കുറിപ്പ്......9
സഹോദര സ്നേഹം......10
സഹോദര സ്നേഹം......11
പറയാതെപോയത്......12
യാത്രാവിവരണം......14
മറവി മനുഷ്യന്റെ കൂടപ്പിറപ്പ്......15
പ്രണയം സത്യമോ...!......16
വികസനം ഒരു വിപത്തോ?......17
ശരീരം......19
പി.ഭാസ്കരന്റെ ജീവചരിത്ര കുറിപ്പ്......20
ഓർമ്മച്ചെപ്പ് തുറന്നപ്പോൾ......21
ചിറകൊടിഞ്ഞു പോയൊരെൻ ആദ്യപ്രണയം......23
എന്റെ യാത്ര അനുഭവം......27
കൊച്ചിയിലേക്ക് ഒരു യാത്ര......28
യാത്രാവിവരണം......28
ഒരു ഡൽഹി യാത്ര......29

# മറന്നുപോയ സ്വപ്നം

എൻ ഉള്ളിൽ   ഉണ്ടായോരു          മറവി
ആരാണ് ചുറ്റും ഉള്ളത് എന്ന് അറിയാത്ത മറവി
മറന്നു മറഞ്ഞുപോയ സ്വപ്നം
മറവി ഒരു രോഗമാണോ.........
എന്നോരു ചോദ്യം മാത്രം.....?
മാഞ്ഞുപോയി എൻ പൊൻ സ്വപ്നങ്ങൾ
വെള്ളരി പ്രാവ് പാറുന്നത് പോലെ
പറന്ന് അകന്നുപോയി എൻ സ്വപ്നം
മറവി ഒരു രോഗമാണോ.....
എന്നോരു  ചോദ്യം മാത്രം....?
പൂവിൽ നിന്ന് പൂമ്പാറ്റകൾ തേൻ നുകരുന്നത്
പോലെ.എൻെറ മനസ്സ് ആ സ്വപ്നത്തെ
മറവിയാക്കത്തീർത്തു
പൊൻ കിരണങ്ങൾപോൽ മരന്നു മറഞ്ഞുപോയി
എൻ പൊൻ സ്വപ്നം......
എൻെറ മറന്നുപോയ സ്വപ്നം.

# പ്രണയവിലാപം

മറവിതൻ നുറുങ്ങുവെട്ടത്തിൽ
ഞാൻ പഠിപ്പിൻ പ്രണയത്തിൻ പാഠങ്ങൾ
എന്റെ കരളിന്റെ കരളായ
പ്രണയിനിയെന്നെ മറന്നതിൻ വേദന
എന്റെ സങ്കടകടലിന്റെ ആഴങ്ങളിൽ
മുങ്ങും വിതം പ്രണയം .
 എന്റെ കരങ്ങളിൽ നിൻ കരങ്ങൾ
വരും എൻസ്വപ്നങ്ങളിൽ .
ഒരുനാൾ നീ
എന്നിൽനിന്ന്  അകന്നുപോയി
നിന്റെയാ സ്വരവീജികൾ എന്നെ
ഉണർത്തുന്നു
പക്ഷേ, നീ എന്നേ
മറന്നുപോയി
എന്റെ യീ പ്രണയം
 വ്യർത്ഥമായി
എന്റെ യീ പ്രണയം
നീ മറന്നുപോയി .

# മറന്നപോയ ഓർമ്മകള്

നിന്നെ ഞാൻ മറന്നു പോകുന്നു.....
നിൻെറ മുഖവും ശരീരവും തളരുന്നു പോകുന്നു.....
നിൻെറ മാത്രം ഓർമ്മകളിൽ ഞാൻ നിങ്ങിപോകുന്നു.....
എന്നാൽ നിൻെറ സുഖവും ഞാൻ അറിയുന്നു....
എൻ്റെ ശരീര ബുദ്ധിമുട്ട് ക്കോണ്ട് നിന്ന ഞാൻ മറക്കുന്നു...
നിൻ്റെ ചിരിയും നിൻ്റെ ലോകവും ഞാൻ ഒർക്കുന്നു
എന്നാൽ ഈ ഒർമ്മകളിൽ നി നിങ്ങി പോകുന്നു .....
നി ഇപോൾ എന്നെ ഓർക്കുന്നു
എന്നാൽ ഞാൻ ഈ ദിനം മറക്കില്ല .....
ഇപോൾ ദിവസം കഴിയുന്നപോലെ  എനിക്ക് നിന്നെ -
മറന്നു പോകുന്നു ........
നീ ഇപ്പോൾ എന്റെ മുന്നിൽ നിൽക്കുന്നു ......പക്ഷെ .
എനിക്ക് നിന്നെ ഓർക്കാൻ ആവുന്നില്ല .....
ഞാൻ നിന്നെ കടനാൾ ഒർക്കുന്നു.......പക്ഷെ..........
ഇപോൾ നിൻ മുഖം എന്റെ ഉള്ളിൽ ഇല്ല .....
കാടുകള്ളും കടലുകള്ളും നിങ്ങി പോകുന്നത്പോലെ .....
നീയും ഉള്ളിൽ നിന്നെ നിങ്ങിപോയി.......

# മറവി

എന്തെന്നോ ഏതെന്നോ
അറിയില്ല ഒന്നും?
വാർദ്ധക്യത്തിൻ പടവുകളാവുന്നോ
മറവി....
ഇത്രനാള് കാത്തുസൂക്ഷിച്ചതത്രയും
മറന്നു പോവുകെന്നവസ്ഥയെത്ര ഭയാനകം!
കണ്ണ് തുറന്നുകാണുന്ന പുലരിയുടെ കാഴ്ചകൾ
തെളിമയില്ലാതെയാക്കുന്നുവോ?
താൻ ആരെന്നുപോലും തിരിച്ചറിയാതാക്കുന്നുവോ?
എന്തെന്നുമേതെന്നും അറിയാതെ വരുംമ്പോൾ
മനസുപതിയേ ഇരുട്ടിലാക്കുന്നു....
കതകിൻ ദളങ്ങൾ കടന്നു കഴിയുമ്പോൾ
എന്തിനു വന്നെന്നുമറിയാതെ പോകുന്നു
അത്രനാൾ കൂടെയുള്ളവരെ ഓർമ്മയില്ലാ -
താവുമ്പോൾ മറവിയെന്നഥിതിയെ സ്വികരിക്കുക
മാത്രമാകുന്നു നിശ്ചയം
പടവുകളോരോന്നും എണ്ണിത്തിർത്തിടുമ്പോൾ
എന്തിനാണെണ്ണിയതെന്നറിയാതെ വരുന്നു.
ഓരോ നിമിഷവും കടന്നുപോകുമ്പോഴും
മറവിയുടെ നദിയിൽ ഒഴുകുന്നു നമ്മൾ....

# ജീവചരിത്ര കുറിപ്പ്

# മഹാത്മഗാന്ധി

2/10/1869 ഗുജറാത്തിലെ പോർബന്ദറിലെ ഒരു വൈശ്യകുടുംബത്തിലാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി ജനിച്ചത്.അച്ഛൻ കരംചന്ദ് ഗാന്ധി.മാതാവ് പുത്ലിബായ് ബനിയ സമുദായത്തിലെ അംഗമായിരുന്നു.1887 ൽ
ഗാന്ധിജി മെട്രിക്കുലേഷൻ പാസാകുന്നു. 1883 ൽ കസ്തൂർബയുമായുള്ള വിവാഹം.1885 ൽ പിതാവ് മരിച്ചു.
1887 ലാണ് അദ്ദേഹം ബാരിസ്റ്റർ പരീക്ഷയ്ക്ക് പഠിക്കാനായി ഇംഗ്ലണ്ടിലേക്ക് തിരിക്കുന്നു
189 ൽ ഇന്ത്യയിലെത്തി ഭാര്യയോടൊപ്പം ദക്ഷിണാഫ്രിക്കയിലേക്കു മടങ്ങി
1901 ൽ ഇന്ത്യയിലെത്തി വളണ്ടിയറായി.

# സഹോദര സ്നേഹം

ഒരു വീട്ടിൽ മിടുക്കിയായ ഒരു കുട്ടിയുണ്ടായിരുന്നു.  പഠിത്തത്തിനും ഡാൻസിനും പാട്ടിനുമൊക്കെ അവൾ ഒന്നാമതായിരുന്നു.സ്കൂളിൽ അവൾക്ക്
 നല്ല പേരുമായിരുന്നു.  പക്ഷേ അവളുടെ അനുജത്തിക്ക് ഇതിലൊന്നും താല്പര്യമേ ഇല്ലായിരുന്നു. എല്ലാവരും അവളെ പുഛരിച്ചും കളിയാക്കിയും നടന്നു. സ്വന്തം ചേച്ചിയെ എല്ലാവരും സ്നേഹിക്കുകയും ആവളെ തള്ളിപറയുകയും ചെയ്തപ്പോൾ അവൾക്ക് ദേഷ്യം വന്നു. അവൾ ചേച്ചിയെ ശത്രുവായി കാണാൻ തുടങ്ങി. പയ്യെ പയ്യെ ചേച്ചിക്ക് അനിയത്തിയെ ഓർത്ത് സങ്കടം വന്നു.താൻ ഇങ്ങനെ പ്രശസ്തമായി നടക്കുബോൾ അനിയത്തി ഒരു മൂലയിൽ ഒതുങ്ങി കൂടി നടക്കുന്നു.

# സഹോദര സ്നേഹം

ഒരു വീട്ടിൽ മിടുക്കിയായ ഒരു കുട്ടിയുണ്ഡായിരുന്നു. പഠിത്തത്തിനും ഡാൻസിനും പാട്ടിനുമൊക്കെ അവൾ ഒന്നാമതായിരുന്നു.സ്കൂളിൽ അവൾക്ക്
നല്ല പേരുമായിരുന്നു. പക്ഷേ അവളുടെ അനുജത്തിക്ക് ഇതിലൊന്നും താല്പര്യമേ ഇല്ലായിരുന്നു. എല്ലാവരും അവളെ പുഛരിച്ചും കളിയാക്കിയും നടന്നു. സ്വന്തം ചേച്ചിയെ എല്ലാവരും സ്നേഹിക്കുകയും ആവളെ തള്ളിപറയുകയും ചെയ്തപ്പോൾ അവൾക്ക് ദേഷ്യം വന്നു. അവൾ ചേച്ചിയെ ശത്രുവായി കാണാൻ തുടങ്ങി. പയ്യെ പയ്യെ ചേച്ചിക്ക് അനിയത്തിയെ ഓർത്ത് സങ്കടം വന്നു.താൻ ഇങ്ങനെ പ്രശസ്തമായി നടക്കുമ്പോൾ അനിയത്തി ഒരു മൂലയിൽ ഒതുങ്ങി കൂടി നടക്കുന്നു.

## പറയാതെപോയത്

മൗനംവടുകെട്ടിയോരാനനകാന്തിമേൽ
ജലബിന്ദുതാനേയുതിർന്നുവീണു.....
നൊമ്പരമാളിപടർന്നൊരാകണ്ണുകൾ
തീനാളമായ് സ്വയം ജ്വലിച്ചെരിഞ്ഞൂ....
കാലേ തലോടിയ കാറ്റിന്റെ സൂചന
ദു:ഖമാണെന്നവൾ ഓർത്തുനീറി.....
അമ്മതൻ വാത്സല്യ തിരിനാളമേന്തി-
യിന്നമതൻ ഗന്ധം വഹിച്ച തെന്നൽ
അറിയാനിരുന്നൊരി നൊമ്പരതീ-
ക്ഷണത മെല്ലെ വന്നോതുവാൻ
വന്നതാണോ..........?
അമ്മയാം സ്നേഹവിശാലത-
മേലൂന്നി ഓർമ്മകൾ നെയ്തൊ-
രാതീകനൽമേൽ ഹൃദയ-
വിശാലത തകർന്നടിയുന്നൊരു
കനൽകട്ടയായി അവൾ താനേ വിങ്ങി....
ഇന്നെന്തെ അമ്മതൻ സ്വാദേറുമു-
പ്പുമാവിൻ ഗന്ധമെന്നെ ഉണർ-
ത്തിടാഞ്ഞൂ.......?
നേരം വെളുത്തിട്ടും കൺപീലി
നീർത്താത്തതിനാലെന്തെ ഇന്നു
പറഞ്ഞിടാത്തൂ......?
അടുക്കളയിലമ്മ പാത്രങ്ങളൊ-
ത്തുള്ള കലഹകോലാഹലം
കേട്ടിടാത്തു......?
ഞെട്ടിത്തരിച്ചവൾ കുതറിയുണർ-
ന്നപ്പോൾ എന്തമ്മ നിർജ്ജീവ-
മായിമാറി....?

നേരം ഉണർന്നപ്പോൾ കാൽതെ-
ന്നിവീണമ്മ എങ്ങനെ രക്ത-
ത്തിൽ മുങ്ങിപ്പോയി...?
എന്തെന്റെ കാതുകൾ നിർവി-
കാരം കൊണ്ടു...എന്തെ
ഞാൻ അമ്മയെ കേട്ടിടാഞ്ഞേ....?
കാലിന്റെ സ്വാധീനമില്ലാത്തൊ-
രെന്നമ്മതൻ കീഴെന്തെ
ഞാൻ താങ്ങുവച്ചിടാഞ്ഞൂ....?
എന്തെന്റെ ഈശ്വരാ ദു:ഖം
എനിക്കിന്നു മാറ്റിവച്ചിങ്ങനെ
ആനന്ദിപ്പൂ...?
അമ്മയെ കേൾക്കാതെ അമ്മയെ
അറിയാതെ മറവിയിൽ എന്നെ
വലിച്ചിഴച്ചൂ....?
ഒരു വിളിക്കേട്ടിരുന്നങ്കി-
ലിന്നെന്നമ്മ സു:ഖമായ്
എന്നെതലോടുകില്ലേ

# യാത്രാവിവരണം

## ആലപ്പുഴ

കേരളത്തിൻറെ ടൂറിസം ഭൂപടത്തിൽ ഗ്രാമഭംഗിയിൽ തിളങ്ങി നിൽക്കുന്ന ആലപ്പുഴയിലേക്കാണ് ഞങ്ങൾ ഇത്തവണ വേനൽ അവധിക്ക് യാത്ര പോയത്. കയർ വ്യവസായത്തിന് പേരുകേട്ട ആലപ്പുഴയിൽ ഹൗസ് ബോട്ടിംഗ് ഒരു നല്ല അനുഭവമാണെന്ന് അച്ഛൻ പറഞ്ഞപ്പോൾ മാമൻ സുഹൃത്തിനെ വിളിച്ചു പറഞ്ഞു ഹൗസ് ബോട്ടിംഗ് ബുക്ക് ചെയ്യുകയായിരുന്നു. മെയ് ആദ്യ ഞായറാഴ്ച രാവിലെ നാലുമണിക്ക് ഞങ്ങളുടെ കുടുംബവും മാമൻറെ കുടുംബവും ഉൾപ്പെടെ ഒമ്പത് പേരടങ്ങുന്ന സംഘവുമായി ഒരു ട്രെയിനിൽ ആണ് യാത്ര പുറപ്പെട്ടത്. ഞാൻ ട്രെയിനിന്റെ സൈഡ് സീറ്റിൽ ആയിരുന്നു ഇരുന്നത്. രാവിലെ 7 മണിയായപ്പോൾ പോകുന്ന അടുത്തുള്ള റെയിൽവേ സ്റ്റേഷനിൽ നിന്ന് പ്രാതൽ കഴിച്ചു. 9 മണിയായപ്പോഴേക്കും ഞങ്ങൾ ആലപ്പുഴ എത്തി. പിന്നെ ഞങ്ങൾ ബോട്ടിൽ കയറി കായലിൽ പോയി അവരുടെ യുള്ള കള്ള് ഷാപ്പിൽ നിന്ന് നമ്മൾ ഫുഡ് കഴിച്ചു പിന്നെ നമ്മൾ അടുത്തുള്ള ഹരിപ്പാട് പോയി അവിടെയുള്ള ഒട്ടുമിക്ക അമ്പലങ്ങളിലും പോയി പിന്നെ നമ്മൾ നാട്ടിലേക്ക് വന്നു.

by Shivani p.p -6.A

# മറവി മനുഷ്യന്റെ കൂടപ്പിറപ്പ്

മറക്കുവാനാകുമോ  പോയകാലങ്ങളെ
കളിചിരി നിറഞ്ഞൊരാ വസന്തകാലത്തെ
കൂട്ടമായ്  ഓടി നടന്നൊരാക്കാലത്തിൻ

ആഹ്ലാദ  നൊമ്പരങ്ങൾ പൊയ്തൊഴിഞ്ഞു
കാലങ്ങൾ  മാറി ചിന്തകൾ മാറി
നടപ്പാതയിൽ ആരോ തടയുന്നതുപോലെ

പക്ഷെ എത്ര ശ്രമിച്ചാലും മായാത്ത ഓർമ്മകൾ
അലട്ടുകയാണെന്ന  ഓരോ നിമിഷവും.

മറക്കുവാൻ ശ്രമിക്കുന്ന ചിന്തകൾ വഴിതെറ്റാതെ
പിന്നെയും എന്റെ അരികിലേക്കണയുന്നു.
എന്തെന്നറിയാതെ അലുയുന്നു ഞാൻ

ശാന്തികിട്ടാത്തൊരാത്മാവിനെപ്പോലെ.......

## പ്രണയം സത്യമോ...!

നീയെന്നെ മറന്നുവോ എൻ പൈങ്കിളി
നിന്റെ കൂടെയുള്ള ഓർമ്മകൾ എൻ
മനസ്സിൽ തുടിക്കുന്നുവിൻ.ഭ്രാന്ത-
നായി നിന്നെ ഞാൻ ഓർമ്മിക്കുമ്പോൾ
നിയെന്നെ ഓർക്കുന്നുവോ എൻ ഹൃദയമേ

ആയിരം ജന്മത്തെ സൗഹൃദത്തിന്റെ
ഫലമോ അന്ന് എനിക്ക് നീ ലഭിച്ച ആ നിമിഷം

നമ്മൾ പണ്ട് വഴിയിൽ വച്ച് കണ്ടു
സംസാരിച്ചതും നീയെന്നെ കണ്ട് എന്നെ
പ്രണയിക്കുന്നു എന്ന ആ നിമിഷം
നീ മറന്നു പോയെൻ ജീവനെ

എനിക്കിപ്പോൾ സന്തോഷമോ ദുഖമോ
എന്ന് എനിക്ക് വ്യക്തമല്ല . നീ പോയപ്പോൾ
എൻ മനസ്സും ശരീരവും എല്ലാ നിർവ്യക്തമായിയോ
എതെന്നെ ബ്രാദ്ധനാക്കിയോ എന്ന് അറിയില്ല

എൻ എല്ലാം നഷ്ടമായി എൻ ജീവനായ നീ
എല്ലാം മറന്നുവോ എൻ സ്നേഹിതയെ നീ

നീയെൻെറ സ്നേഹം നിരസിച്ചു വേറെയൊരു
മൃഗത്തിൻെറ കൂടെയാണോ നീ .
ഞാൻ നിന്നെ എന്ത് ചെയ്തു ...എന്ത് ചെയ്തു....
ഈ കലികാലത്തിൽ നാൻ ഒരു ബ്രാദ്ധനായി...
നാനൊരു മുഴ ബ്രാദ്ധനായോ....

# വികസനം ഒരു വിപത്തോ?

ഇല്ലിമരക്കാവ് എന്ന അതിമനോഹരമായ ഗ്രാമത്തിലൂടെയാണ് ഈ കഥ സഞ്ചരിക്കുന്നത്.നിറയെ മരങ്ങളും ഒരുപാട് കാടുകളും മലകളും കൊച്ചു കൊച്ചു അരുവികളും കൂടിച്ചേർന്ന പ്രകൃതിരമണീയമായ ഒരു സുന്ദരമായ ഇല്ലിമരക്കാവ്.അവിടയുള്ള നാട്ടുകാരും സഹജീവികളും വളരെ സന്തുഷ്ടരായി ജീവിച്ചുപോന്നു.അങ്ങനെയിരിക്കെ പെട്ടെന്നൊരു ദിവസം കുറച്ചു ആൾക്കാർ ചേർന്ന് ഇല്ലിമരക്കാവിലെ വലിയ വിജനമായി കിടക്കുന്ന കാടുകളാൽ നിറഞ്ഞ പ്രദേശം കയ്യേറ്റം ചെയ്യുകയും അവിടെയുള്ള മരങ്ങളും മറ്റും വെട്ടി നശിപ്പിക്കുകയും കാടുകൾ ക്കെല്ലാം തീയിടുകയും ചെയ്തു.ഈ വിവരം അറിഞ്ഞ് ഇല്ലിമരക്കാവിലെ നാട്ടുകാർ ചുറ്റും തടിച്ചുകൂടി.പലവരും ഈ പ്രവൃത്തിയെ തടുക്കാൻ ശ്രമിച്ചുവെങ്കിലും അവർ നാട്ടുകാരുടെ വാക്കിന് വില കൽപ്പിച്ചില്ല.മറ്റു  ചിലർ അതിനെ ചോദ്യം ചെയ്തപ്പോൾ കയ്യേറ്റക്കാർ അവർക്കായി നൽകിയ മറുപടി അത്ര തൃപ്തികരവും വിശ്വസനീയവുമായിരുന്നില്ല.കയ്യേറ്റക്കാർ അവരോടായി പറഞ്ഞത്,ഈപ്പച്ചൻ മുതലാളിയുടെ ഒരു വലിയ ഹോട്ടൽ തുടങ്ങാനാണെന്നും അതിനായി ഇവിടുള്ള കുറേയേറെ വീടുകളും കടകളും പൊളിച്ചു മാറ്റേണ്ടി വരുമെന്നുമാണ് ഈ ചൂടുവാർത്ത ആ നാടാകെ പരന്നു.അവരെല്ലാവരും ഇല്ലിമരക്കാവിന്റെ ഭാവിയെ കുറിച്ചും പുതിയ തലമുറയെയും ഓർ ത്ത് ആശങ്കരായി.അങ്ങനെ അവർ എല്ലാവരും ഒത്തുചേർന്ന് ഒറ്റക്കെട്ടായി കയ്യേറ്റക്കാരെ തുരത്താൻ തീരുമാനിച്ചു.അവരുടെ മൂർ-ച്ചയേറിയ വാക്കുകൾക്ക് മുന്നിൽ കയ്യേറ്റക്കാർ മുട്ടുകുത്തുക തന്നെ ചെയ്തു.

പകുതിയോളം വെന്തു മരിച്ച കാടും മരങ്ങൾക്കുമിടയിൽ ഇല്ലിമരക്കാവിലെ കുരുന്നുകളടക്കം എല്ലാവരും ആയിരക്കണക്കിന് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.അങ്ങനെ ഇല്ലിമരക്കാവ് പഴയതു പോലെ പച്ചപ്പു നിറഞ്ഞതായി മാറി.

*നമ്മുടെ ഈ ലോകം അനുഭവിക്കുന്ന അല്ലെങ്കിൽ
നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വിപത്താണിത്.
വരൂ...നമുക്ക് മാറി ചിന്തിക്കാം...നല്ലൊരു
നാളയെ സ്വപ്നം കാണാം...*

Rithuvarna Chandran

9C

# ശരീരം

തളിരില മുറിച്ചുകളയുന്നതുപൊലെ എളുപ്പമായി
ആയിരുന്നു ആ ജീവിയെ ഇലാതാക്കിയത്
ആ കുരാകുരിതുട്ടിലേക്ക് വെളിച്ചത്തിന്
സ്പർസശിക്കാൻ പോലും ഭയമായിരുന്നു
എന്തിനു വേരെ ഇരുട്ടിനു പോലും അതിനോട്
കുറ്റബോധം തോന്നിയലൊ ?
വാത്സല്യ കൈകൾ നീചം ചേർന്നതാണെറിയാൻ
ഏറെ വൈകിപ്പോയി
തെരുവു നായയെക്കാൽ ഭയാനകമായിരുന്നു രുപം
ഈ ലോലഹ്രദയത്തിൽ ഭീകരത പടർത്തി
മനോഹര വർണത്താൽ വിടർന്നു നിൽക്കാനാഗ്രഹിച്ച്
നീ വിധിച്ചത് എന്നന്നേക്കുമായുള്ള അണ്ഡകാമാണല്ലോ.
വിടരും മുംബ് അതിനെ വെട്ടികളഞ്ഞിരിക്കുന്നു.
വലിച്ചു കീറപ്പെട്ട വസ്ത്രത്തിന്റെ ഒരു ഭാഗത്താൽ
ആ ജീവി തന്റെ നഗ്നത മറിച്ചു.
അതിനുള്ളിൽ ഒരു 'മനുഷ്യൻ'
അല്ല, ജീവിക്കുമ്പോഴും ജീവൻ നഷ്ടപ്പെട്ടുപോയ
ഒരു 'ശരീരം' മാത്രമായിരുന്നുവത്.

# പി.ഭാസ്കരന്റെ ജീവചരിത്ര കുറിപ്പ്

(1924-2007)

1924 ൽ ജനനം. കവി,ഗാനരചയിതാവ് ചലചിത്രകാരൻ,മാധ്യമപ്രവർത്തകൻ എന്നീനിലകളിൽ പ്രശസ്തൻ.ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപക പത്രാതിപർ പോലുള്ള നിരവധി പദവികൾ വഹിച്ചിട്ടുണ്ട്.ഓടക്കുഴൽ അവാർഡ്,ജെ.സി ഡാനിയേൽ അവാർഡ് പത്മശ്രീ കേന്ദ്ര-കേരള

സാഹിത്യ അക്കാദമി അവാർഡ് വയലാർ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി.ഓർക്കുക വല്ലപ്പോഴും ഓടക്കുഴലും ലാത്തിയും ഒ

## ഓർമ്മച്ചെപ്പ് തുറന്നപ്പോൾ.......

ആർത്തിരമ്പുന്ന ആഴക്കടലിലേക്ക് നോക്കി അവൻ ഇറുകെ മിഴികൾ അടച്ചു .കണ്ണുകളിൽ നിന്ന് ചൂടുകണ്ണുനീർ ചാലിട്ടൊഴികി ...നഷ്ട ബോധത്തിന്റെ കഠാര അവന്റെ മൃദു മനസ്സിനെകുത്തി നോവിച്ചുകൊണ്ടേയിരുന്നു .ഒന്ന്പൊക്കരയുവാൻ കൂടി സാധക്കാതെ അവനാ മണലാരണ്യത്തിലേ്ക്ക് തളർന്നു വീണു .ഓർമ്മകളുടെ വേദന അവന്റെ മനസ്സിനെ കാർന്നു തിന്നു .കൈകളിൽ മുറുപ്പടിച്ച കറുത്ത ചട്ടമുള്ള ഡയറി പതിയെ അയഞ്ഞു .കടലോരത്തെ കാറ്റിന്റെ ശക്തിയിൽ ആ ഡയറിയിലെ താളുകൾ മറിഞ്ഞു .അതൊരു ചിത്രമായിരുന്നു .ജീവന്റെ തുടിപ്പുള്ള ഒരു പെൺകുട്ടിയുടെ ചിത്രം... അതിന്റെ താഴെ ഭംഗിയ്ക്ക് ചുവന്ന മഷിയിൽ zinclagi...എന്നുമെഴുതി യിട്ടുണ്ടായിരുന്നു .പതിയെ ഡയറിയുടെ ഓരോ താളുകളും മറിഞ്ഞു...

വൈദേഹി.പൂജ...അവനാദ്യമയ് അവളെ കണ്ടുമുട്ടുന്നത് ആ കോളേജ് വരാന്തയിൽ വച്ചായിരുന്നു . പീലികൾ തിങ്ങി നിറഞ്ഞവും.. നീണ്ട നാസിക തുമ്പും പനിനീർബപ്പൂ നിറമുള്ള അധരങ്ങളും ഇരുനിറം ചേർന്നൊരാ മുഖവും യൗവനത്തിന്റെ അഴകും വടിവുമൊരു സുന്ദരി ...കണ്ടമാത്രയിൽ കാപ്പി മിഴികൾ...പിന്നീടെന്നും ഓരോ കാരണങ്ങളുണ്ടാക്കി അവളെ കാണുമായിരുന്നെങ്കിലും അവളോടൊന്നു സംസാരിക്കുവാൻ അവന് ഭയമായിരുന്നു ... ആ കണ്ണുകളുടെ ആഴങ്ങളിൽ തന്നെ തന്നെ നഷ്ടമായേക്കുമോ എന്ന ഭയമായിരുന്നു അവന് ... തുറന്നു പറയാൻ മടിചൊരാ പ്രണയം കാലങ്ങളോളം നീണ്ടു പോയി ... ഒടുവിൽ പ്രണയസല്ലാപങ്ങളുടെ മധുരനിമിഷങ്ങൾ പങ്കുവയ്ക്കുന്ന വാലെന്റെയ്ൻസ് ഡേയും വന്നെത്തി ... അന്നും അവന്റെ ഭയംഒന്നിനും സമ്മച്ചില്ല ... അവൾ തന്റെ പ്രണയത്തെ നിരസിക്കുമോ എന്ന ഭയം അവനെ പരിഭ്രാന്തനാക്കി ...ഒടുവിൽ ഓർമ്മകളുടെ ഒരു മാളിക തന്നെ പണിതുകൊണ്ട് അവരുടെ കലാലയ ജീവിതത്തിന് ആ പടുകൂറ്റൻ കവാടത്തിന് പിന്നിൽ തിരശ്ശീല വീണു ..ജീവനെ പോലെ സ്നേഹിക്കുന്നവളോട് തന്റെ പ്രണയം തുറന്നു പറയാൻ കഴിയാതെ ഭാരിച്ച മനസ്സുമായി അവനും ...തുറന്നു പറയാത്ത പ്രണയങ്ങളുടെ

പുസ്തകത്താളുകളിലേക്ക് ഒരു കഥയും കൂടെ ചേർക്കുവാൻ അവന്റെ മനസ്സ് സമ്മതിച്ചില്ല ...
അന്നൊരു ഞാറാഴ്ച്ചയായിരുന്നു ...അന്നവന്റെ ജന്മദിനമായിരുന്നു . അമ്മയുടെ ആവശ്യപ്രകാരം അമ്പലത്തിൽ പോയി ഉണ്ണിക്കണ്ണന് മുൻപിൽ മിഴികളടച്ചു പ്രാർത്ഥിച്ചു ...മനസ്സിലേക്ക് ഓടി വരുന്നത് ധാവണി പിടിച്ച് ഓടി പോകുന്ന അവളുടെ ചിത്രമായിരുന്നു ...അവന്റെ മാത്രം zinclagi യുടെ അധരങ്ങളുടെ കോണിൽ ഒരു കുസൃതി ചിരി വിരിഞ്ഞു .ഇന്നവളോട് പറയുമെന്ന് ഉണ്ണിക്കണ്ണന് വാക്ക് കൊടുത്തുകൊണ്ട് ചൊടികളിൽ എത്തി  കളിച്ച നനുത്ത പുഞ്ചിരിയോട് കൂടെ അവൻ തന്റെ ബൈക്കിലേക്ക് കയറി .പതിവിനും വിപരീതമായി അവളുടെ വീട്ടുമുറ്റത്ത് ജനസാഗരമായിരുന്നു ...അരുതാത്തതെന്തോ നടക്കുന്നത് പോലെ അവന്റെ മനസ്സ് ഉച്ചത്തിൽ ഇടിച്ചു .നെറ്റിത്തടങ്ങളിൽ വിയർപ്പുകണങ്ങൾ പൊടിഞ്ഞു ..."ചേ...ട്ടാ ഇവിടെയെന്താ...ഇത്ര ആൾക്കൂട്ടം...? "പരിഭ്രാന്തിയിൽ അവന്റെ വാക്കുകൾ ഇടറുണ്ടായിരുന്നു. "ഇവുടുത്തെ ഇളയ മോളില്ലേ... വൈദേഹി... ആ കുട്ടി ഇന്ന് രാവിലെ മരിച്ചു പോയി ബ്ലഡ് കാൻസർ ആയിരുന്നല്ലോ... കഷ്ടായി ...നല്ലൊരു മോളായിരുന്നു...!!" ആ ചേട്ടൻ പറഞ്ഞതൊന്നും അവന്റെ കാതുകൾ ശ്രവിച്ചിരുന്നില്ല... അവൾ പോയോ...! അവൻ ആ ചേട്ടൻ വെറും ന്നിലത്തേക്ക് ഉദർന്ന് വീണു ...സമനില തെറ്റിയ ഒരു ഭ്രാന്തനെ പോലെ അവൻ ആർത്തുകരഞ്ഞു.സ്ഥലകാലങ്ങൾ  ധമില്ലാതെ തലമുടികിൽ കൊരുത്തു വലിച്ച് അവൻ ഏങ്ങിക്കരഞ്ഞു ...ഭ്രാന്തനെ  പോലെ പലതും പുലമ്പി... ജീവനറ്റ അവളുട ശരീരം കാണെ മാനസികമായി അവൻ വീണ്ടും വീണ്ടും തകർന്നു പൊയ്ക്കോൻടിരുന്നു.വിങ്ങുന്ന മനസ്സുമായി അവൻ വാശിയോടെ കണ്ണുനീർ തുടച്ചു മാറ്റി ക്കൊണ്ട് അലക്ഷ്യമായി വണ്ടിയോടിച്ചു .ഒടുവിൽ ഒരു കലോരത്തെത്തിയപ്പോൾ ആ വാഹനം പതിയെ നിലച്ചു. അവൾക്കായ് കയ്യിൽ കരുതിയ ഡയറിയെ നോക്കി അവൻ പതിയെ പാഞ്ഞു ഉരുവിട്ടു... 'ഐ ലവ് യൂ...'

# ചിറകൊടിഞ്ഞു പോയൊരെൻ ആദ്യപ്രണയം

ആദ്യമായ് പ്രണയത്തിന്റെ തീവ്രത മനസ്സിലാക്കി തുടങ്ങിയത് കൊഴിഞ്ഞുപോയ കൗമാരത്തിന്റെ മത്തു പിടിപ്പിക്കുന്ന വിരസ ദിനങ്ങളിലായിരുന്നു......

പ്രണയ നൈരാശ്യവും പഠനവിഭ്രാന്തിയും തലയിലേന്തി നെട്ടോട്ടമോടുന്ന വിദ്യാർത്ഥികൾ അന്നെനിക്ക് ഒരു അത്ഭുതമായിരുന്നു.എന്തിനാണിത്രയേറേ പ്രയാസം...എന്താണ് അതിനുമാത്രം അതിൽ, ഈ പ്രണയത്തിൽ...എന്നായിരുന്നു എനിക്കുള്ളിലെ കൗമാരക്കാരിയിൽ നിറഞ്ഞു നിന്നത്.പക്ഷെ അപ്രതീക്ഷിതമായി ഞാനവനെ കണ്ടുമുട്ടിയന്നു മുതൽ പ്രണയം എന്ന വിചിത്ര വസ്തുത എന്നിൽ ഭയമായി വഴിമാറി.

അവനെ കാണുമ്പോൾ എന്തോ ഒരു അകാരണമായ ഇടിപ്പും തുടിപ്പും എന്റെ ഹൃദയത്തിൽ പ്രത്യക്ഷമായി തുടങ്ങി.അതിനെ കൂട്ടുകാർ പ്രണയമെന്നു വിളിച്ചു.പക്ഷെ ഞാനതിനെ ഭയമെന്നും. പുതുതായി കടന്നുവന്ന അതിഥിയെപോലെ പ്രണയമെന്നിൽ ഒരു വിഭ്രാന്തിയോടെ നെട്ടോട്ടമോടിക്കൊണ്ടിരുന്നു. വിറകൊള്ളുന്ന അധരങ്ങളും നെഞ്ചിലെ തുടിപ്പും എന്നെ വല്ലാതെ ഭയപ്പെടുത്തി.എന്താണീ വികാരം എന്നറിയാതെ ഞാൻ കുഴഞ്ഞു.പോകെ പോകെ ഒരു വേദനയായി അതെന്നെ കടന്നു പിടിച്ചു.അന്നാദ്യമായി ഞാൻ എന്റേതല്ലാത്ത ഒരു കാരണത്തിനായി കണ്ണീർ പൊഴിച്ചു.

അതെന്റെ കലാലയ ജീവിതമായിരുന്നു.പ്രീഡിഗ്രി കഴിഞ്ഞ് കോളേജിലേക്ക് കടക്കുന്ന വേള.അന്നായിരുന്നു ഞാനവനെ ആദ്യമായി കണ്ടുമുട്ടുന്നത്.കണ്ട മാത്രയിൽത്തന്നെ എന്റെ മനസ്സു കീഴടക്കിയ ഒരു മുഖം,എന്റെ സീനിയർ.

പൊതുവേ ആൺകുട്ടികളെ പ്രണയത്തോടെ അല്ലെങ്കിൽ വശ്യതയോടെ നോക്കുക എന്നുള്ള സ്വഭാവമോ താത്പര്യമോ എന്നിൽ പണ്ടേ ഉണ്ടായിരുന്നില്ല.പക്ഷെ, അന്നാദ്യമായി ഞാൻ ഒരു വ്യക്തിയിൽ, മറ്റൊരാളിലും തോന്നിയിട്ടില്ലാത്ത പ്രത്യേകത അനുഭവപ്പെട്ടത്.അവനിലും സുന്ദരന്മാരെ കണ്ടെങ്കിലും അവരിൽ ആരിലും കാണാത്ത എന്തോ ഒരു ആകർഷണീയത അവനിൽ ഉണ്ടായിരുന്നു.

ഗോവിന്ദ്,എന്നിലും രണ്ടുവയസ്സ് മൂപ്പുള്ള ഒരു 23-കാരൻ. കട്ടികൂടിയ മീശയും, ഇടതൂർന്ന മിഴിയിഴകളും, ഇളംനീല മിഴികളുമുള്ള എന്റെ മനസ്സു കീഴടക്കിയ എന്റെ രാജകുമാരൻ.സീനിയർ ആയതുകൊണ്ടാകും എന്തോ ഒരു ബഹുമാനം എനിക്കവനോടുണ്ടായിരുന്നു. എന്തോ പതിയെ പതിയെ ഞങ്ങൾ അടുക്കുവാനുകള്ള കാരണങ്ങൾ ഉണ്ടായി കൊണ്ടേയിരുന്നു.അല്ലാ ഉണ്ടാക്കി എന്നു പറയുന്നതാവും ശരി. പക്ഷെ, അത് ഞാനോ അതോ അവനോ. ഏറ്റവും നല്ല സുഹൃത്തുക്കളായി, തമ്മിൽ രഹസ്യങ്ങളില്ലാത്ത ചങ്ങാതിമാർ.

എങ്കിലും എന്തോ എനിക്കുള്ളിൽ പുനർജനിച്ചിരുന്ന അതേ വികാരം അവനിലും ഉടലെടുത്തത് അത്രനല്ല സുഹൃത്തുക്കളായിട്ട് കൂടി ഞാനറിഞ്ഞിരുന്നില്ല.അവന്റെ മിഴിയിൽ നിറഞ്ഞ് നിന്ന പ്രണയവും അധരങ്ങളിൽ വിരിയുന്ന പുഞ്ചിരികളും എനിക്കാണെന്ന് മനസ്സിലാക്കാൻ ഞാനേറെ വൈകിപ്പോയിരുന്നു.ഒരിക്കൽ അവനെനിക്ക് മുന്നിൽ അവന്റെ മനസ്സ് തുറന്നു. ആ മനസ്സിൽ ഞാൻ മാത്രമായിരുന്നു എന്ന ആ വാക്കുകൾ, ആ പ്രസ്താവന എനിക്ക് തികച്ചും വിചിത്രമായി തോന്നി. കാരണം എനിക്ക് പ്രണയം എന്താണെന്നറിയില്ല, എന്തിനാണെന്നറിയില്ല,എന്തുകൊണ്ടാണെന്നുമറിയില്ല.............അറിയാനൊട്ടും താത്പര്യവുമില്ലായിരുന്നു.

ഒരു പക്ഷെ മനപ്പൂർവ്വമാകണം.ഒരു സുഹൃത്ത് എന്നതിനപ്പുറം അവനാഗ്രഹിച്ചതുപോലെയൊരു കാമുകിയാകാൻ എനിക്ക്

സാധ്യമല്ലായിരുന്നു.അതെന്താണെന്ന് ചോദിച്ചാൽ എനിക്കറിയില്ലെന്നുമാത്രം.എനിക്കതിന് കഴിയില്ല.വേണമെങ്കിൽ എനിക്കെന്റേതായ കാരണങ്ങളുണ്ടായിരിക്കാം.ഞാനവനോടത് തുറന്ന് പറയുകയും ചെയ്തു.വെറുതെ പാഴ്മോഹങ്ങൾ നൽകുന്നതിനേക്കാൾ നല്ലത് അല്പം വേദനിക്കുമെങ്കിലും യാഥാർത്ഥ്യം തുറന്നുപറയുന്നതല്ലേ.ഒക്കെ കേട്ടപ്പോളവനൊന്നും മിണ്ടിയില്ല.ഒരു പക്ഷെയത് അവൻ പ്രതീക്ഷിച്ചുത്തരം ആയിരിക്കാം.കാരണം അവനറിയാം ഞാൻ എങ്ങനെയാണെന്നും,എന്താണെന്നും.....

അങ്ങനെ ഓർമ്മിക്കാൻ ഒരു കുന്നോർമ്മകൾ സമ്മാനിച്ചുകൊണ്ട് എന്റെ കലാലയ ജീവിതത്തിന് തിരശ്ശീല വീഴുന്ന ദിവസം.ആ കോളേജ് വരാന്തയിൽ പിടിച്ച് വിദൂരയിലേക്ക് നോക്കി അവനെന്നോട് അവസാനമായി ചോദിച്ചു "നീയൊരിക്കലുമെന്നെ പ്രണയിച്ചിട്ടില്ലേ ഇന്ദൂ...?" വീണ്ടും ഇല്ലായെന്ന് പറഞ്ഞ് ആ ഹൃദയം ആഴത്തിൽ മുറിവേൽപ്പിക്കാൻ എന്തോ മനസ്സ് സമ്മതിച്ചില്ല.അതുകൊണ്ടാകണം ഞാൻ അവനെ നിസ്സഹായതയോടെ നോക്കിനിന്നതേയുള്ളൂ. "എത്രകാലം വേണമെങ്കിലും ഞാൻ കാത്തിരിക്കാം,എനിക്ക് നിന്നെ വേണം ഇന്ദൂ, എന്റേത് മാത്രമായി..."അത് പറഞ്ഞ് നിർത്തുമ്പോൾ അവന്റെ മിഴികൾ നിറഞ്ഞത് ഞാൻ ശ്രദ്ധിച്ചിരുന്നു.അറിയാതെ എന്റേയും നിറഞ്ഞിരുന്നോ? ഇല്ല വേണ്ടാ,ഞാനൊന്നും പറഞ്ഞില്ല.

മൗനമെന്റെ ശബ്ദത്തെ, എന്റെ വാക്കുകളെ തൊണ്ടയിൽ ത്തന്നെ പിടിച്ച് വച്ചിരിക്കുകയാണ്. നൂലുപ്പൊട്ടിയ എന്റെ മനസ്സ് അകലങ്ങളിലേക്ക് പാറിപ്പറന്നു. നിശബ്ദത ഞങ്ങൾക്കിടയിൽ അകലങ്ങൾ സൃഷ്ടിക്കുന്നുണ്ടായിരുന്നു.അതെനിക്കെന്തോവല്ലാത്ത അരോചകമായി തോന്നി. ഹൃദയത്തിന്റെ അറകളിൽ നിന്നും നീ ആഗ്രഹിക്കും പോലെ ഒരു ഉത്തരം സമ്മാനിക്കുവാൻ ഇന്നലകളിൽ എപ്പോഴോ മരണപ്പെട്ടവർക്കെങ്ങനെ സാധിക്കും ഗോവിന്ദ്.........

എന്റെ അധരങ്ങൾ മൊഴിഞ്ഞില്ലെങ്കിലും കണ്ണുകൾ അവനോടാവർത്തിച്ചാവർത്തിച്ച് പറയുന്നുണ്ടായിരുന്നു.അതവൻ കണ്ടിരുന്നുവോ..?അറിയില്ല.....

അവസാനമായി അവൻ ആ നിശബ്ദതയെ കീറിമുറിച്ചുകൊണ്ട് വിളറിയ മുഖത്തോടെ എന്നോട് പറഞ്ഞു, “ഇന്ദൂ....വിലക്കപ്പെട്ടതെന്തിനും മധുരം കൂടുതലാണ്.നീ പകർന്നു തന്ന ഓർമ്മകളും നിന്റെ മുത്തുചിതറുപോലുള്ള പൊട്ടിച്ചിരികളും ഇന്നലകളിലെന്ന പോലെ ഞാൻ സൂക്ഷിച്ചിടും." എനിക്കുനേരെ വേദനിക്കുന്നൊരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് യാത്രപോലും പറയാതെ നിറകണ്ണുകൾ തുടച്ചുകൊണ്ട് അവൻ മുന്നോട്ട് നടന്നു, ഒന്നു തിരിഞ്ഞ് പോലും നോക്കാതെ. പിന്നീടൊരിക്കലും ആ ചോദ്യമാവർത്തിച്ചുകൊണ്ട് അവനെന്റെ പിന്നാലെ വന്നിരുന്നില്ല.

പക്ഷെ......പക്ഷെ എന്നോ ഒരിക്കൽ മേഘങ്ങൾക്കിടയിൽ ഇരുന്നുകൊണ്ട് 'ഇന്ദൂ' എന്നുള്ള വിളി ഞാൻ കേട്ടിരുന്നു....

അന്നാദ്യമായും അവസാനമായും എന്റെ മിഴികൾ അവനുവേണ്ടി നിറഞ്ഞു........

---

# എന്റെ യാത്ര അനുഭവം

ഏപ്രിൽ 15 വിഷുദിനത്തിന് പടക്കമൊക്കെ പൊട്ടിച്ച് ആഘോഷിച്ചതിന് ശേഷം 16-ാം തീയതി പുലർച്ചെ 6:30-ന് ഞാനും എൻെറ കുടുംബവും കൂടെ ട്രാവലറിൽ വയനാട്ടിലേക്ക്പോയി ഡാൻസും പാട്ടുമൊക്കെയായി 9:15 ോടെ പ്രഭാതഭക്ഷണം കഴിക്കാൻ ഒരു ഹോട്ടലിൽ കയറി അവിടുന്ന് പൊറൊട്ടയും ചിക്കൻ കറിയും കഴിച്ചു പിന്നെ കുറുവ ദ്വീപ് ലക്ഷ്യമാക്കി കൊണ്ട് വീണ്ടും യാത്ര
തുടർന്നു അവിടെ എത്തിയപ്പോൾ ഒരു നീണ്ട ക്യൂ കണ്ടു മുളവഞ്ചിയിലൂടെ അക്കരെ പോവാനുള്ള
ക്യൂ ആയിരുന്നു അത് അങ്ങനെ ചുട്ടുപൊള്ളുന്ന വെയിലിൽ 1/4 മണിക്കൂറ്
നിന്ന്പുഴക്കരയിലൂടെ നടന്നപ്പോ ഒരുപാട് മരങ്ങളെ പരിചയപ്പെടാൻ പറ്റി അങ്ങനെ നടക്കുമ്പോ ദയനീയസ്വരം [തവള ] ഞങ്ങൾ കേട്ടു അങ്ങനെ നോക്കിയപ്പോ ഒരു പാമ്പ് ആ ദയനീയസ്വരത്തെ വിഴുങ്ങുന്നത് കണ്ടു വീണ്ടും നടന്നപ്പോൾ വെള്ളച്ചാട്ടം
കണ്ടു അവിടുന്ന് കാലൊക്കെ കഴുകിയശേഷം പാറയിലിരുന്ന് പലഹാരം കഴിച്ചു വീണ്ടും ക്യൂ നിന്ന് അക്കരെ പോയി മുളവഞ്ചിതന്നെ അങ്ങനെ കുറുവ ദ്വീപിനോട് റ്റാ റ്റാ പറഞ്ഞു.

പാർവ്വതി അശോകൻ
7-D

## കൊച്ചിയിലേക്ക് ഒരു യാത്ര

കഴിഞ്ഞ ഏപ്രിൽ വെക്കേഷന് ഞാനും കുടുംബവും കൊച്ചിയിലേക്ക് ഒരു യാത്ര പോയി. പോകുന്നവഴിയിൽ ഒരുപാട് കാഴ്ചകൾ കാണാൻ സാദിച്ചു. വളരെയധികം ആകാംക്ഷയോടെയാണ് ഞാൻ യാത്ര തുടങ്ങയത്. വഴിയിൽ വണ്ടി നിർത്തി ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ച് ഞങ്ങൾ യാത്ര തുടർന്നു. കൊച്ചിയിലെ ഒരു ഹോട്ടലാണ് ഞങ്ങൾ താമസിച്ചത്. അതിനടുത്ത് തന്നെയാണ് ലുലു മാൾ.വലിയ മാൾ ആയിരുന്നു അത്. അതിനുള്ളിൽ ഒരുപാട് കറങ്ങിനടന്നു. കുറേ ഗെയിംസ് കളിച്ചു. എനിക്ക് സന്തോഷമായി.അടുത്ത ദിവസം സുഭാഷ് പാർക്കിലും പരിസരത്തുമാണ് ഞങ്ങൾ പോയത്. അവിടെ കുറേ സമയം ചിലവഴിച്ചു. ഊഞ്ഞാലിലും റൈഡുകളിലുമെല്ലാം കയറി. തിരിച്ചുവരവരുമ്പോൾ ലുലു മാളിലെ ഫുഡ്കോർട്ടിൽ കയറി ഭക്ഷണം കഴിച്ചു. കുറച്ച് നേരം അവിടെ ചിലവഴിച്ച് വീട്ടിലേക്ക് മടങ്ങി. നല്ല രസകരമായ യാത്രയായിരുന്നു അത്.

അമൃത.വി.എസ്
9-C

## യാത്രാവിവരണം

കന്യാകുമാരി

അന്നൊരു ശനിയാഴ്ച്ച ആയിരുന്നു. ഞാൻ 4:00 മണിക്ക് എഴന്നേറ്റ് കുളിചൊരുങ്ങി. എന്റെ ലക്ഷ്യം ഞാൻ ഇതുവരെ കണ്ടിട്ടില്ലാത്ത കന്യാകുമാരി കാണുക എന്നതായിരുന്നു.

ഞങ്ങൾ കുറെ ആളുകൾ ഉണ്ടായിരുന്നു

അച്ഛൻ,അമ്മ,അനുജൻ,മാമൻ,മാമി,പിന്നെ ഞാനും. ബസ്സ് വന്നു. എല്ലാവരും ബസ്സിൽ കയറി. അങ്ങനെ യാത്ര ആരംഭിച്ചു. വീട്ടിൽ നിന്ന് നേരെ ബാലരാമപുരത്ത് എത്തി. അവിടുന്നു വലത്തോട്ടേക്കായി

പിന്നെയാത്ര. ബാലരാമപുരത്ത് നിറയെ
വസ്ത്രക്കടകളും,പാത്രകടകളും,ആളുകളും,തിരക്കുമൊക്കെയായി
ബഹളമായിരുന്നു. എനിക്ക് ഈ കാഴ്ചകളൊക്കെ വളരെ ഇഷ്ടമായി
അതിനുശേഷം ഞങ്ങൾ മനോഹരമായ പൂക്കൾ കൃഷിച്ചെയ്യുന്ന
തോവാള വഴിയായിരുന്നു യാത്ര. ഇത് കഴിഞ്ഞ് ഞങ്ങൾ നേരെ
കന്യാകുമാരിയിലെത്തി. വളരെ മനൊഹരമായ കാഴ്ചകളാണ് അവിടെ
ഞങ്ങൾ കണ്ടത്. എനിക്ക് അവിടെ വളരെ ഇഷ്ടപ്പെട്ടു. ഇങ്ങനെ ഞാൻ
സന്തോഷത്തോടെ തിരിച്ചു വീട്ടിൽ എത്തി.

തേജ.കെ

7-d

## ഒരു ഡൽഹി യാത്ര

കുറച്ച് നാളുകൾ മുമ്പ് ഞാൻ , അമ്മ , അച്ചൻ, പിന്നെ അച്ചന്റെ കുടുംബക്കാരും കൂടി ട്രൈനിൽ ഡൽഹിയിലേക്ക് ഒരു യാത്ര പോയി .ട്രൈനിലെ യാത്ര കളിച്ചും രസിച്ചും ഒരു ദിവസം നീണ്ടു . അങ്ങനെ ഞങ്ങൾ
ഡൽഹി കറങ്ങാൻ പോയി 10 ദിവസത്തെ യാത്രയായിരുന്നു അത് ഞങ്ങൾ ആദ്യം പോയത് താജ്മഹലിൽ ആയിരുന്നു.അവിടെ കുറെ സമയം ചിലവഴിക്കുകയും ഫോട്ടോ എടുക്കുകയും വിശ്രമിക്കുകയും ചെയ്തു. പിന്നെ അവിടുത്തെ പൂന്തോട്ടത്തിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ച് പിന്നെ പലദിവസങ്ങളിലായി പോയത് റെഡ്ഫോർട്ട്
,ഇന്ത്യ ഗെയറ്റ് ,ലോട്ടസ് ടെംബിൾ , ഗാന്ധി ആശ്രമം , സ്വാമിനാരായണൻ അക്ഷർധാം , എന്നിങ്ങനെ പല ഇടങ്ങളിൽ . നമ്മൾ കുതിര
വണ്ടിയിൽ സവാരി ചെയ്തു അങ്ങനെ 10 ദിവസം പെട്ടെന്ന് തന്നെ കഴിഞ്ഞു . ഏറ്റവും കൂടുതൽ എനിക്ക് ഇഷ്ടപ്പെട്ട യാത്ര ആയിരുന്നു
ഡെൽഹി യാത്ര. എന്റെ ജീവിതത്തിൽ ഞാൻ
മറക്കാത്ത യാത്ര.

സാരംഗി സുധീർ
9-C